ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയം

271 (2015) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ നടപ്പിലാക്കേണ്ട വികസനപ്രവർത്തനങ്ങളെ സംബന്ധിച്ച് 17-12-2015-ന് നിയമസഭാമന്ദിരത്തിൽ മന്ത്രിയുടെ ചേമ്പറിൽ നടന്ന യോഗത്തിലെടുത്ത തീരുമാനങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) യോഗ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) സ്റ്റേഡിയത്തിൽ 4.99 കോടി ചെലവഴിച്ച സിന്തറ്റിക് ട്രാക്ക് നിർമ്മാണമുൾപ്പെടെയുള്ള പ്രവൃത്തികൾ എന്നാരംഭിക്കുവാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിന്റെ ഭരണച്ചുമതല കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിനെ ഏൽപ്പിച്ചിട്ടുണ്ട്. 17-12-2015-ന് നടന്ന യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങളെടുക്കുകയുണ്ടായി:

1	സ്റ്റേഡിയം വക ഭൂമി കയ്യേറ്റം നടക്കാതിരിക്കുന്നതിന് പൂർണ്ണമായ ചുറ്റുമതിൽ നിർമ്മിക്കുക
2	യാതൊരു കാരണവശാലും കായികേതര ആവശ്യങ്ങൾക്ക് സ്റ്റേഡിയം അനുവദിക്കാതിരിക്കുക.
3	സ്റ്റേഡിയത്തിന്റെ സംരക്ഷണത്തിനും നടത്തിപ്പിനും ആവശ്യമായ വരുമാനം, കടമുറികളുടെ ലേലം മുഖേന കണ്ടെത്തുകയും വരുമാനം, കൃത്യമായി അക്കൗണ്ട് ചെയ്യുകയും, ഇലക്ട്രിസിറ്റി ചാർജ്ജ്, ഗ്രൗണ്ട് നനയ്ക്കുന്നതിനുള്ള ചെലവ്, സ്റ്റാഫിന്റെ ശമ്പളം തുടങ്ങിയ യഥാർത്ഥ ചെലവുകൾക്കുള്ള വരുമാനം സ്റ്റേഡിയത്തിൽ നിന്നുതന്നെ കണ്ടെത്തുക.
4	കടമുറികൾ ഇവാല്യൂവേറ്റ് ചെയ്യുന്നതിന് പി.ഡബ്ല്യു.ഡി.-യ്ക്കുള്ള ഫീസായ 30,000 രൂപ ഉടൻ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ കെട്ടിവയ്ക്കുക, സുതാര്യമായ മാർഗ്ഗത്തിലൂടെ കടമുറികൾ ലേലം ചെയ്യുക തുടങ്ങിയ നടപടികൾക്കായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറിയെ ചുമതലപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

5	എം.എൽ.എ., മുനിസിപ്പൽ ചെയർമാൻ എന്നിവരെക്കൂടി ഉൾപ്പെടുത്തി ഒരു ഉപദേശക സമിതി (Advisory Committee) രൂപീകരിക്കുകയും ആയത് യോഗം ചേർന്ന് മേൽക്കാര്യങ്ങളിൽ അന്തിമതീരുമാനമെടുക്കുന്നതുമാണ്.
6	കായികതാരങ്ങളുടെ പരിശീലനത്തിനും പൊതുജനങ്ങൾക്ക് വ്യായാമ ആവശ്യത്തിനുമായി ഒരു നിശ്ചിത സംഖ്യ മെമ്പർഷിപ്പ് ഇനത്തിൽ വാങ്ങുന്നതിനും, പാസ് നൽകുന്നതിനുമുള്ള നിർദ്ദേശം യോഗം അംഗീകരിച്ചു. ഇതുസംബന്ധിച്ച നടപടികൾ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ സെക്രട്ടറി സ്വീകരിക്കാനും തീരുമാനിച്ചു.

(ബി) തീരുമാനം 1,2-ന്റെ അടിസ്ഥാനത്തിൽ സ്റ്റേഡിയത്തിന്റെ കടമുറികൾ ലേലം ചെയ്യുന്നതിനായി വാടക തീരുമാനിക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിനെ സമീപിച്ചിട്ടുണ്ട്. ഇതിന്റെ ഫീസായ 30,000 രൂപ ഒഴിവാക്കുന്നതിന് പി.ഡബ്ല്യു.ഡി.-യോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

(സി) 29-2-2015-ലെ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ അഡ്മിനിസ്ട്രേറ്റീവ് ബോർഡ് തീരുമാനപ്രകാരം ആറ്റിങ്ങൽ ശ്രീപാദം സ്റ്റേഡിയത്തിൽ സിന്തറ്റിക് ട്രാക്ക് നിർമ്മാണത്തിനായി M/s KITCO-യെ പ്രോജക്ട് കൺസൾട്ടന്റായി നിയമിക്കുന്നതിനും, ഡെപ്പോസിറ്റ് വർക്കായി ഏൽപ്പിക്കുന്നതിനും തീരുമാനിച്ചു. ആയതിന്റെ Terms & conditions അറിയിക്കണമെന്ന് കിറ്റ്കോയോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സ്കൂളുകളിൽ പ്രത്യേക സ്പോർട്സ് പദ്ധതികൾ

272 (2016) <u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സ്കൂൾ മീറ്റിലെ കേരളത്തിന്റെ മികച്ച പ്രകടനം മുൻനിർത്തി സ്കൂളുകൾ കേന്ദ്രീകരിച്ച് പ്രത്യേക സ്പോർട്സ് പദ്ധതികൾ നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) സ്കൂളുകളിലെ കളിസ്ഥല സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് പ്രത്യേക ഫണ്ടുകൾ അനുവദിക്കുമോ?

<u>ഉത്തരം</u>

(എ) മികച്ച കായികതാരങ്ങളെ കണ്ടെത്തുന്നതിനും, ഓരോ കായിക താരങ്ങൾക്കും, അവരുടെ ഇഷ്ട കായിക ഇനത്തിൽ പ്രോത്സാഹനം

LIBRARY ARCHIVES Kerala Legislative Assembly